കേന്ദ്ര പ്രോജക്ടുകൾക്കായി കേന്ദ്രീകൃത സംവിധാനം

24 [3717] *ശ്രീ. എം. വി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് അനുസൃതമായ പ്രോജക്ടുകൾ യഥാസമയം സമർപ്പിക്കാൻ കഴിയാത്തതു കാരണം സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപ നഷ്ടപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനും പരിശോധിക്കുന്നതിനും കേന്ദ്രീകൃത സംവിധാനമുണ്ടാകുമോ?

ഉത്തരം

(എ) & (ബി) കേന്ദ്രസർക്കാർ ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്കനുസൃതമായ പ്രോജക്ടുകൾ യഥാസമയം സമർപ്പിക്കുന്നതിലേക്കായി സംസ്ഥാന ആസൂത്രണ ബോർഡ് കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും മറ്റു ഏജൻസികളുടെയും വാർഷിക റിപ്പോർട്ടുകളും പ്രവർത്തന റിപ്പോർട്ടുകളും ശേഖരിക്കുകയും അവ വിശദമായി പഠിച്ച് സംസ്ഥാനത്തിന് യോജിച്ച കേന്ദ്രപദ്ധതികൾ കണ്ടെത്തുകയും കേന്ദ്രപദ്ധതികൾ പ്രകാരമുള്ള സഹായം പരമാവധി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്യാറുണ്ട്.

സംസ്ഥാന സർക്കാർ വകുപ്പുകൾ പ്രത്യേക കേന്ദ്രസഹായത്തിനുള്ള പദ്ധതികൾക്ക് രൂപം നൽകി ബന്ധപ്പെട്ട കേന്ദ്രസർക്കാർ വകുപ്പുകൾക്ക് അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്. ഇവയെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ തമ്മിൽ വിശദമായ ചർച്ചകൾ നടത്തുകയും പ്രസ്തുത പദ്ധതികൾക്കുള്ള അംഗീകാരം നേടിയെടുക്കുന്നതിനാവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

പ്രത്യേക കേന്ദ്രസഹായമുള്ള മുൻഗണനാ പദ്ധതികളെ സംബന്ധിച്ചിടത്തോളം, സംസ്ഥാന മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരുമായും ആസൂത്രണ കമ്മീഷനുമായും ചർച്ചകൾ നടത്തുകയും അവയ്ക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്യാറുണ്ട്.

കേരളത്തിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനും അവയുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനും വേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി, ഫൈനാൻസ്, പ്ലാനിംഗ് സെക്രട്ടറി, ഡയറക്ടർ (സി. പി. എം. യു.) എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly